**Joseph Srampickal**
*Bishop,*
*Syro Malabar Eparchy of Great Britain*

Bishop's Office
Our Lady of Rosary and
St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: *bishop@csmegb.org*

Circular 3/2025 03 March 2025

# നോമ്പുകാലപരിത്യാഗത്തിന്റെ വിഹിതം അജപാലനഭവനം പ്രവർത്തനക്ഷമമാക്കുന്നതിന്

മിശിഹായിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഹൃദയപരിവർത്തനത്തിലൂടെയും ജീവിതനവീകരണത്തിലൂടെയും ദൈവികസ്വഭാവത്തിൽ വളരാനുള്ള സവിശേഷ അവസരമായ സൗമാ റമ്പാ അഥവാ വലിയ നോമ്പിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നോമ്പുകാലം അർത്ഥപൂർണ്ണമാകുന്നത് ഉപവാസവും പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളും ദാനധർമ്മവും അടങ്ങുന്ന ചതുർമാർഗ്ഗങ്ങളിലൂടെയാണ്. ഇവയിൽ ആത്മീയവളർച്ചയ്ക്കും സഭയെ പടുത്തുയർത്തുന്നതിലും വളരെ പ്രധാനപ്പെട്ടതാണ് ദാനധർമ്മം. "ദാനധർമ്മം ആയിരിക്കട്ടെ നിന്റെ നിക്ഷേപം. അത് എല്ലാ തിന്മകളിൽ നിന്നും നിന്നെ രക്ഷിക്കും" (പ്രഭാഷകൻ 29:12) എന്നാണല്ലോ തിരുവചനം പറയുന്നത്. ആദിമസഭയുടെ പാരമ്പര്യത്തിൽ പങ്കുവെയ്പ്പിന്റെ നിരവധി ഉദാത്ത മാതൃകകൾ നാം കാണുന്നുണ്ട് (നടപടി 2:42; 16:15). തങ്ങളുടെ സമ്പത്തുകൊണ്ട് ഈശോമിശിഹായെയും ശ്ലീഹന്മാരെയും ശുശ്രൂഷിച്ച അനേകം വിശുദ്ധ വ്യക്തിത്വങ്ങളെക്കുറിച്ചു വിശുദ്ധഗ്രന്ഥത്തിൽ (ലൂക്കാ 8:23) നാം വായിക്കുന്നുണ്ടല്ലോ. സഭയുടെ വളർച്ചയ്ക്കായി തങ്ങൾക്കുള്ളവ ഉദാരമായി പങ്കുവെച്ച ആദിമ ക്രൈസ്തവരുടെ വിശ്വാസമാതൃക ഈ കാലഘട്ടത്തിൽ നമ്മെ പ്രചോദിപ്പിക്കട്ടെ. ഈശോമിശിഹായിലുള്ള വിശ്വാസംവഴി ലഭിക്കുന്ന നിത്യജീവനിലുള്ള (1 തിമോ. 1:16) സജീവമായ പ്രത്യാശയാണ് സഭാശുശ്രൂഷയ്ക്കായി തങ്ങൾക്കുള്ളവ ഉദാരമായി പങ്കുവയ്ക്കുന്നതിന് അവരെ ശക്തരാക്കിയത്.

ഉദാരമതികളായ അനേകരുടെ പങ്കുവെയ്പ്പിലൂടെ നാം സ്വന്തമാക്കിയ ഗ്രേറ്റ് ബ്രിട്ടൺ രൂപതയുടെ ചിരകാല സ്വപ്നമായ അജപാലനഭവനം പ്രവർത്തനക്ഷമമാക്കുന്നതു നമ്മുടെ രൂപതയിലെ മുഴുവൻ കുടുംബങ്ങളുടെയും സഹകരണത്തിലൂടെയും പങ്കുവെയ്പ്പിലൂടെയുമാകണം എന്നു ഞാൻ ആഗ്രഹിക്കുകയാണ്. 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നാണല്ലോ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ സഭയെ വിശേഷിപ്പിക്കുന്നത്. നിത്യജീവനിലുള്ള നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യമായി, അജപാലനഭവനത്തിനായുള്ള നമ്മുടെ പങ്കുവെയ്പ്പു മാറട്ടെ. ഈ നോമ്പുകാലത്തിലെ പരിത്യാഗപ്രവർത്തനങ്ങളിലൂടെ സ്വരൂപിക്കുന്ന തുക, 2025 ഏപ്രിൽ മാസം 25-ാം തീയതിക്ക് മുൻപായി അജപാലനഭവനത്തിന്റെ അക്കൗണ്ടിലേക്ക്, നിങ്ങളുടെ ഇടവക അക്കൗണ്ടുവഴി കൈമാറാൻ ശ്രദ്ധിക്കുമല്ലോ.

നമുക്കു ജീവൻ ഉണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുംവേണ്ടി (യോഹ. 10:10) സ്വജീവൻ പരിഹാരബലിയായി നൽകിയ ഈശോമിശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

യൗസേപ്പ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

CATHOLIC SYRO-MALABAR EPARCHY OF GREAT BRITAIN

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും 2025 മാർച്ച് 9 ഞായറാഴ്ച വായിക്കേണ്ടതാണ് (അന്നു വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച വായിക്കേണ്ടതാണ്).